(സി) ഇദ്ദേഹം വളരെക്കാലമായി ചികിൽസയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇദ്ദേഹത്തിന് എന്തെങ്കിലും ചികിൽസാസഹായം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. ശ്രീ. മംഗലശ്ശേരി അപ്പുക്കുട്ടൻ ഇൻവാലിഡ് പെൻഷന് 1-4-2001-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) ശ്രീ. മംഗലശ്ശേരി അപ്പുക്കുട്ടന്റെ ഇൻവാലിഡ് പെൻഷനുള്ള അപേക്ഷ ലഭിച്ചത് 1-4-2001-ലാണ്. അതോടൊപ്പം 1-4-2001-ലെ മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കി അദ്ദേഹത്തിന്റെ അപേക്ഷ പരിഗണിക്കുന്നതിന് പ്രാരംഭമായി 1-4-2001 വരെയുള്ള അവധികൾ പാസ്സാക്കണമായിരുന്നു. അദ്ദേഹത്തിന്റെ സർവ്വീസ് രേഖകൾ പരിശോധിച്ചതിൽ 7-8-1992 മുതൽ 30-3-2001 വരെ പല ദിവസങ്ങളിലും ജോലിക്ക് ഹാജരായിരുന്നില്ല എന്ന് കണ്ടെത്തി 6-7-1993 മുതൽ 31-3-2001 വരെ തുടർച്ചയായി ജോലിയ്ക്ക് ഹാജരായിരുന്നില്ല. കെ. എസ്. ആർ. പാർട്ട് 1 റൂൾ 24 പ്രകാരം ഒരു ജീവനക്കാരന് എടുക്കാവുന്ന പരമാവധി അവധി അഞ്ച് വർഷമാണ്. അതല്ലെങ്കിൽ ആ അവധി മറ്റ് ജോലികൾ സ്വീകരിക്കാൻ വേണ്ടിയുള്ള ശമ്പളമില്ലാത്ത അവധിയായിരിക്കണം. അവധി സംബന്ധിച്ച് അപേക്ഷയിൽ തീരുമാനമെടുക്കുന്നതിനും ഇൻവാലിഡ് പെൻഷൻ അനുവദിക്കുന്നതിനുമുള്ള അപേക്ഷ 19-5-2003-ൽ ചേർന്ന 300-ാമത് കോർപ്പറേഷൻ ബോർഡിൽ സമർപ്പിച്ചെങ്കിലും ബോർഡ് ഈ അപേക്ഷ നിരസിക്കുകയുണ്ടായി. അതിനാൽ ഇതിൻമേലുള്ള നടപടി നിർത്തിവെച്ചു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വളരെ നാളത്തെ അനധികൃത അവധിയ്ക്കുശേഷം 1-4-2001-ൽ ജോലി ചെയ്യുവാൻ ആരോഗ്യമില്ല എന്ന് കാണിക്കുന്ന ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ്, ഇൻവാലിഡ് പെൻഷനുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളത് മാത്രമാണ് കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ഡി) നൽകിയിട്ടില്ല.

സംസ്ഥാനത്തുണ്ടായ വാഹനാപകടങ്ങൾ

134 [1394] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ഏപ്രിൽ 1-നു ശേഷം സംസ്ഥാനത്ത് ഉണ്ടായ ആകെ വാഹന അപകടങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപകടങ്ങളിൽ മരണമടഞ്ഞവരുടെയും പരിക്കേറ്റവരുടെയും എണ്ണം എത്രയാണ്;

(സി) ഇവരിൽ സ്ത്രീകൾ, പുരുഷൻമാർ, കുട്ടികൾ എന്നിവരുടെ തരംതിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(ഡി) ഇരു ചക്ര വാഹനങ്ങൾ അപകടത്തിൽപ്പെട്ടതിന്റെയും യാത്രക്കാർ മരണമടഞ്ഞതിന്റെയും എണ്ണം എത്രയാണ്;

(ഇ) 2003 ഏപ്രിൽ 1-നു ശേഷം കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് ഉണ്ടായ അപകടങ്ങളിൽ മരണമടഞ്ഞവരുടെയും പരിക്കേറ്റവരുടെയും കണക്ക് അറിയിക്കുമോ; ഇതുമൂലം കെ. എസ്. ആർ. ടി. സി.-ക്ക് എത്ര രൂപ നഷ്ടമുണ്ടായി?

ഉത്തരം

(എ) 2003 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ 26510 വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 2003 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ വിവിധ വാഹനാപകടങ്ങളിൽ 2166 പേർ മരിക്കുകയും 38568 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 2003 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 13137 ഇരുചക്ര വാഹനങ്ങൾ അപകടത്തിൽപ്പെട്ടിട്ടുണ്ട്. ഇരുചക്ര വാഹന അപകടത്തിൽപ്പെട്ടവരുടെ കണക്ക് ലഭ്യമല്ല.

(ഇ) 251 പേർ മരണമടഞ്ഞു. 1768 പേർക്ക് പരിക്കുപറ്റി. കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ നഷ്ടത്തിന്റെ കണക്ക് ലഭ്യമല്ല.

കെ. എസ്. ആർ. ടി. സി.-യിലെ വർക്ക് അസിസ്റ്റന്റുമാരുടെ നിയമനം

135 [1395] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ വർക്ക് അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly